39

കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

# കമ്പനികൾ (ലാഭവീതങ്ങളിൻമേൽ താത്ക്കാലിക നിയന്ത്രണങ്ങൾ) ആക്റ്റ്, 1974

(1974-ലെ 35-ാം നമ്പർ ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1975

# കമ്പനികൾ (ലാഭവീതങ്ങളിൻമേൽ താത്കാലിക നിയന്ത്രണങ്ങൾ) ആക്റ്റ്, 1974

(1974-ലെ 35-ാം നമ്പർ)

[31-8-1974]

ദേശീയ സാമ്പത്തിക വികസനത്തിൻെറ താത്പര്യങ്ങൾക്കു വേണ്ടി ലാഭത്തിൽനിന്ന് ലാഭവീതം പ്രഖ്യാപിക്കുന്നതിന് ചില കമ്പനികൾക്കുള്ള അധികാരത്തിൻമേൽ താത്കാലിക നിയന്ത്രണങ്ങൾക്കും, അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

———

ഇൻഡ്യാ റിപ്പബ്ലിക്കിൻെറ ഇരുപത്തഞ്ചാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് കമ്പനികൾ (ലാഭവീതങ്ങളിൻമേൽ താത്കാലിക നിയന്ത്രണങ്ങൾ) ആക്റ്റ്, 1974 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് 1974, ജൂലൈ 6-ാം ദിവസം പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''നിശ്ചിത ദിവസം'' എന്നാൽ 1974, ജൂലൈ 6-ാം ദിവസം എന്നർത്ഥമാകുന്നു.

(ഖ) ''കമ്പനി''ക്ക്, കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1)-ൽ അതിന് നല്കിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതും, അതിൽ കമ്പനികൾ ആക്റ്റ്, 1956, 591-ാം വകുപ്പിൻെറ അർത്ഥത്തിലുള്ളതും, ഇൻഡ്യയ്ക്കകത്ത് ലാഭവീതങ്ങൾ പ്രഖ്യാപിക്കുകയും, കൊടുക്കുകയും ചെയ്യുന്നതിന് ആദായനികുതി ആക്റ്റ്, 1961 (1961-ലെ 43)-ൻ കീഴിൽ നിർണ്ണയിക്കപ്പെടുന്ന ഏർപ്പാടുകൾ ചെയ്തിട്ടുള്ളതുമായ വിദേശക്കമ്പനി ഉൾപ്പെടുന്നതും ആകുന്നു.

(ഗ) ''വിതരണം ചെയ്യാവുന്ന ലാഭങ്ങൾ''ക്ക് ഈ ആക്റ്റ് ബാധകമാകുന്ന കമ്പനി സംബന്ധിച്ച്—

(i) കമ്പനിയുടെ അററലാഭത്തിൻെറ മൂന്നിലൊന്ന്, അല്ലെങ്കിൽ

(ii) കമ്പനിയുടെ സാധാരണ ഓഹരികളുടെ മുഖവിലയിൻമേൽ പന്ത്രണ്ട് ശതമാനം ലാഭവീതം കൊടുക്കാൻ വേണ്ട തുകയും, അതിൻെറ മുൻഗണനാ ഓഹരികളിൻമേൽ കൊടുക്കേണ്ട ലാഭവീതവും, ഇവയിൽ ഏതാണ് കുറഞ്ഞത്,

അത് എന്നർത്ഥമാകുന്നു.

(ഘ) ‘‘സാമ്പത്തികവർഷ’’ത്തിന് കമ്പനികൾ ആക്ററ്, 1956 (1956–ലെ 1)–ൻെറ 2–ാം വകുപ്പിൽ അതിന് നല്കിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

(ങ) ‘‘അററലാഭം’’ എന്നാൽ, കമ്പനികൾ ആക്ററ്, 1956 (1956–ലെ 1), 349–ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി കണക്കു കൂട്ടിയ പ്രകാരമുള്ള കമ്പനിയുടെ അററലാഭം എന്നർത്ഥമാകുന്നതും,

എന്നാൽ അത്—

(i) അപ്രകാരം കണക്കുകൂട്ടിയ ലാഭം സംബന്ധിച്ച് ആദായനികുതി ആക്ററ്, 1961 (1961–ലെ 43)–ൻ കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും ആദായനികുതിയും, അല്ലെങ്കിൽ ഇൻഡ്യയ്ക്കു വെളിയിൽ ഏതെങ്കിലും രാജ്യത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ അങ്ങനെയുള്ള ലാഭം സംബന്ധിച്ച് കൊടുക്കേണ്ട സദൃശസ്വഭാവമുള്ള ഏതെങ്കിലും നികുതിയും, കമ്പനികൾ (ലാഭം) അധിനികുതി ആക്ററ്, 1964 (1964–ലെ 7)–ൻ കീഴിൽ അങ്ങനെയുള്ള ലാഭം സംബന്ധിച്ച് കൊടുക്കേണ്ട അധിനികുതിയും കൂടി കിഴിവു ചെയ്യുമെന്നും;

(ii) കമ്പനികൾ ആക്ററ്, 1956 (1956–ലെ 1), 205–ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി തേമാനത്തുക വകവച്ചുകൊടുക്കുമെന്നും ഉള്ള രൂപഭേദത്തിന് വിധേയമായിരിക്കുന്നതുമാകുന്നു.

(ച) ‘‘മുൻവർഷ’’ത്തിനും ‘‘ആകെ ആദായ’’ത്തിനും ആദായനികുതി ആക്ററ്, 1961 (1961–ലെ 43)–ൽ അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. <u>ആക്ററ് ബാധകമാകുന്ന കമ്പനികൾ.</u>—ഈ ആക്ററ് താഴെപ്പറയുന്ന വിഭാഗത്തിലുള്ള കമ്പനികൾക്ക്, അതായത്—

(ക) പൊതുജനങ്ങൾക്ക് ആദായനികുതി ആക്ററ്, 1961 (1961–ലെ 43)–ലെ 2–ാം വകുപ്പ് (18)–ാം ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരം സാരമായ വിധം താത്പര്യമുള്ള കമ്പനി;

(ഖ) ഏത് കമ്പനിയുടേയാണോ, ഓഹരിമൂലധനത്തിൻെറ എഴുപത്തഞ്ചു ശതമാനമെങ്കിലും ഏതെങ്കിലും ലാഭവീതം പ്രഖ്യാപിക്കുകയോ കൊടുക്കുകയോ ചെയ്യുന്ന സാമ്പത്തികവർഷം മുഴുവനും, ധർമ്മപരമായ ഒരു ആവശ്യത്തിനായി ഇൻഡ്യയിൽ സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥാപനമോ ഫണ്ടോ ഗുണാനുഭവമായി വച്ചിരിക്കുകയും, അതിൻെറ ലാഭവീതത്തിൽനിന്നുള്ള ആദായം ആദായനികുതി ആക്ററ്, 1961 (1961–ലെ 43), 11–ാം വകുപ്പിൻ കീഴിൽ ആദായനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള കമ്പനി;

(ഗ) ഏത് ഇൻഡ്യൻ കമ്പനിയുടെ ബിസിനസ്സാണോ മുഖ്യമായി കപ്പൽനിർമ്മാണത്തിലോ സാമാനങ്ങളുടെ നിർമ്മാണത്തിലോ, അത് പ്രത്യേക പ്രക്രിയയ്ക്ക് വിധേയമാക്കുന്നതിലോ ഖനനത്തിലോ വിദ്യുച്ഛക്തിയുടേയോ മറേറതെങ്കിലും രൂപത്തിലുള്ള യന്ത്രശക്തിയുടേയോ ഉത്പാദനത്തിലോ വിതരണത്തിലോ ഉള്ളതായിരിക്കുന്നത്, അങ്ങനെയുള്ള ഇൻഡ്യൻ കമ്പനി;

(ഘ) ഏത് ഇൻഡ്യൻ കമ്പനിയുടെ (ആഫീസ് ഉപകരണങ്ങളോ റോഡ് ഗതാഗതവാഹനങ്ങളോ അല്ലാത്ത) മെഷിനറിയോ പ്ലാൻേറാ ആയ മൂലധന ആസ്തികളുടെ മൂല്യമാണോ ഏതെങ്കിലും ലാഭവീതം പ്രഖ്യാപിക്കുകയോ കൊടുക്കുകയോചെയ്യുന്ന സാമ്പത്തികവർഷത്തിൻെറ അവസാനദിവസം അതിൻെറ ബുക്കുകളിൽ കാണിച്ചിട്ടുള്ള പ്രകാരം അമ്പത് ലക്ഷം രൂപയോ അതിലധികമോ ആയിരിക്കുന്നത്, അങ്ങനെയുള്ള ഇൻഡ്യൻ കമ്പനി;

(ങ) ആദായനികുതി ആക്ററ്, 1961 (1961–ലെ 43), 104–ാം വകുപ്പ് (3)–ാം ഉപവകുപ്പിൻകീഴിൽ ആ വകുപ്പിൻെറ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കമ്പനി;

എന്നിവയ്ക്ക് ബാധകമായിരിക്കുന്നതാണ്.

വിശദീകരണം.—(i) ഒരു കമ്പനിയുടെ പ്രസക്ത സാമ്പത്തികവർഷത്തേക്കുള്ള മൊത്തം ആകെ വരുമാനത്തിൽ ഉൾപ്പെടുന്നതും, കപ്പൽനിർമ്മാണം സാമാനങ്ങളുടെ നിർമ്മാണം അവ പ്രത്യേക പ്രക്രിയക്ക് വിധേയമാക്കുന്നത്, ഖനനം, വിദ്യുച്ഛക്തിയുടേയോ മററേതെങ്കിലും രൂപത്തിലുള്ള യന്ത്രശക്തിയുടേയോ ഉത്പാദനം, അല്ലെങ്കിൽ വിതരണം എന്നീ പ്രവർത്തനങ്ങളിൽ ഏതിൻെറയെങ്കിലും ആയി കല്പിക്കാവുന്നതും ആയ ആദായം അങ്ങനെയുള്ള ആകെ ആദായത്തിൻെറ അമ്പത്തൊന്നു ശതമാനത്തിൽ കുറവ് അല്ലെങ്കിൽ (ഖ) ഖണ്ഡത്തിൻെറ ആവശ്യത്തിനു ആ കമ്പനിയുടെ ബിസിനസ് മുഖ്യമായി മുൻപറഞ്ഞ പ്രവർത്തനങ്ങളിൽ ഒന്നിലുള്ളതായിരിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം.—(ii) (ഗ) യും (ഘ) യും ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്ക്, "ഇൻഡ്യൻ കമ്പനി"ക്ക് ആദായനികുതി ആക്ററ്, 1961 (1961–ലെ 43), 2–ാം വകുപ്പ് (26)–ാം ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതും, എന്നാൽ അതിൽ കേന്ദ്ര ആക്ററിനാലോ സ്റേററ് ആക്ററിനാലോ, പ്രവിശ്യാ ആക്ററിനാലോ അല്ലെങ്കിൽ അവയിൽ ഏതിൻെറയെങ്കിലും കീഴിലോ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏകാംഗയോഗം ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

4. ആക്ററ് ബാധകമാകുന്ന കമ്പനികൾ ലാഭവീതം പ്രഖ്യാപിക്കുന്നതിൻമേലുള്ള നിയന്ത്രണം.—(1) നിശ്ചിതദിവസം മുതൽ രണ്ടു വർഷക്കാലത്തേയ്ക്ക്, ഈ ആക്ററ് ബാധകമാകുന്ന യാതൊരു കമ്പനിയും ഏതെങ്കിലും സാമ്പത്തികവർഷത്തേയ്ക്ക് കമ്പനിയുടെ ആ സാമ്പത്തികവർഷത്തിലെ ലാഭത്തിൽനിന്നല്ലാതെ ലാഭവീതം പ്രഖ്യാപിക്കുകയോ കൊടുക്കുകയോ ചെയ്യാൻ പാടില്ലാത്തതും, അങ്ങനെയുള്ള യാതൊരു ലാഭവീതവും, മൊത്തത്തിൽ, കമ്പനിയുടെ ആ സാമ്പത്തിക വർഷത്തിലെ വിതരണം ചെയ്യാവുന്ന ലാഭത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ ഈ ഉപവകുപ്പിലെ യാതൊന്നും നിശ്ചിത ദിവസത്തിനുമുമ്പ് പ്രഖ്യാപിക്കപ്പെടുകയും കമ്പനിയുടെ ഓഹരി ഉടമകളുടെ ഒരുവിഭാഗത്തിന് കൊടുക്കുകയും ചെയ്തതും എന്നാൽ ആ കമ്പനിയുടെ ഓഹരി ഉടമകളുടെ മററൊരു വിഭാഗത്തിന് കൊടുക്കാതിരുന്നതുമായ ഏതെങ്കിലും ലാഭവീതത്തിന് ബാധകമാകുന്നതല്ല.

(2) ഈ ആക്ററ് ബാധകമാകുന്ന ഒരു കമ്പനിക്ക് ഈ ആക്ററിലെ വ്യവസ്ഥകൾക്കനുസൃതമായി, ഏതെങ്കിലും സാമ്പത്തികവർഷത്തേയ്ക്ക് ലാഭവീതമായി പ്രഖ്യാപിക്കുകയോ കൊടുക്കുകയോ ചെയ്യാവുന്ന മൊത്തം തുക കണക്കുകൂട്ടുന്നതിൽ കമ്പനി നിശ്ചിതദിവസത്തിനുമുൻപ് ആ സാമ്പത്തിക വർഷത്തേയ്ക്ക് ഇടക്കാലലാഭവീതമായി കൊടുത്തതോ വാഗ്ദാനംചെയ്തതോ, ഭാഗികമായി കൊടുക്കുകയും, ഭാഗികമായി വാഗ്ദാനംചെയ്യുകയും ചെയ്തതോ ആയ ഏതെങ്കിലും തുക കണക്കിലെടുക്കുന്നതാകുന്നു; എന്നാൽ കമ്പനി നിശ്ചിത ദിവസത്തിനു മുമ്പ് കൊടുത്ത ഇടക്കാല ലാഭവീതത്തിൻെറ തുക, ഏത് സാമ്പത്തികവർഷത്തേക്കാണോ ഇടക്കാലലാഭവീതം കൊടുത്തത്, ആ സാമ്പത്തികവർഷത്തേക്കുള്ള അതിൻെറ വിതരണം ചെയ്യാവുന്ന ലാഭത്തിൽ കവിയുന്നിടത്ത് കമ്പനി ആ സാമ്പത്തികവർഷത്തേയ്ക്ക് യാതൊരു കൂടുതൽ ലാഭവീതവും പ്രഖ്യാപിക്കുകയോ കൊടുക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

5. വിതരണം ചെയ്യാവുന്ന ലാഭത്തിൽ കവിയുന്ന ലാഭവീതം അസാധുവായിരിക്കണമെന്നും തിരിയെ വസൂലാക്കപ്പെടണമെന്നും.—നിശ്ചിത ദിവസം മുതൽ രണ്ടു വർഷക്കാലത്തേയ്ക്ക്, ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും കമ്പനി, നിശ്ചിത ദിവസത്തിനുശേഷം, ഒരു സാമ്പത്തികവർഷത്തേക്കുള്ള അതിൻെറ വിതരണം ചെയ്യാവുന്ന ലാഭത്തിൽ കവിഞ്ഞ് പ്രഖ്യാപിക്കുകയോ കൊടുക്കുകയോ ചെയ്യുന്ന ഏതെങ്കിലും ലാഭവീതം, അങ്ങനെ കവിയുന്നിടത്തോളം, അസാധുവായിരിക്കുന്നതും, ആ വർഷത്തേക്കുള്ള അതിൻെറ വിതരണം ചെയ്യാവുന്ന ലാഭത്തിൽ കവിഞ്ഞ് ഏതെങ്കിലും ഓഹരി ഉടമയ്ക്ക് കമ്പനി കൊടുക്കുന്ന ഏതെങ്കിലും തുക, കമ്പനി വസൂലാക്കേണ്ടതും, അങ്ങനെയുള്ള യാതൊരു വസൂലാക്കലും കമ്പനി വേണ്ടെന്നുവയ്ക്കാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും വസൂലാക്കൽ പ്രായോഗികമല്ലാത്തിടത്ത്, അങ്ങനെ കവിയുന്നിടത്തോളമുള്ള ലാഭവീതത്തുക ഏത് സാമ്പത്തിക വർഷത്തേക്കാണോ അങ്ങനെ കവിഞ്ഞ ലാഭവീതം കൊടുത്തത്, ആ സാമ്പത്തിക വർഷത്തിൻെറ തൊട്ടു പിൻപെയുള്ള സാമ്പത്തികവർഷത്തേക്ക് കൊടുക്കേണ്ട ലാഭവീതത്തിലേക്ക് വകയിരുത്തേണ്ടതാകുന്നു.

6. ഇടക്കാല ലാഭവീതങ്ങളിൻമേലുള്ള നിയന്ത്രണം.— നിശ്ചിത ദിവസം മുതൽ രണ്ടുവർഷക്കാലത്തേക്ക്, ഈ ആക്ററ് ബാധകമാകുന്ന യാതൊരു കമ്പനിയും, കേന്ദ്ര ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയും, ആ ഗവൺമെൻറ് വിനിർദ്ദേശിക്കുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായും അല്ലാതെ, നിശ്ചിതദിവസത്തിനു മുമ്പോ പിൻപോ അവസാനിക്കുന്ന ഏതെങ്കിലും സാമ്പത്തികവർഷത്തേക്ക് ഏതെങ്കിലും ഇടക്കാല ലാഭവീതങ്ങൾ, കൊടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

7. മററ് വിതരണത്തിൻമേലുള്ള നിയന്ത്രണങ്ങൾ.— നിശ്ചിതദിവസം മുതൽ രണ്ടുവർഷക്കാലത്തേക്ക് ഈ ആക്ററ് ബാധകമാകുന്ന യാതൊരു കമ്പനിയും, കേന്ദ്ര ഗവൺമെൻറിൻെറ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് വഴിയുള്ള മുൻ അംഗീകാരത്തോടുകൂടിയല്ലാതെ,

(ക) അതിൻെറ ആസ്തികളിൽനിന്ന് ഏതെങ്കിലും വിതരണം ചെയ്യുകയോ ;

(ഖ) അതിൻെറ ആസ്തികളിൽനിന്ന് വിതരണം ചെയ്യുന്നതിന് ഏതെങ്കിലും കടപ്പാട് സോപാധികമായോ മററുവിധത്തിലോ ഏറെറടുക്കുകയോ ;

(ഗ) കമ്പനിയുടെ ഏതെങ്കിലും ഓഹരി ഉടമയ്ക്ക് ഏതെങ്കിലും കടം നല്കുകയോ ;

ചെയ്യാൻ പാടുള്ളതല്ല.

എന്നാൽ (ഗ) ഖണ്ഡത്തിലെ യാതൊന്നും, കമ്പനികൾ ആക്ററ്, 1956 (1956–ലെ 1), 620 ക വകുപ്പ് (1)–ാം ഉപവകുപ്പിൻ കീഴിൽ കേന്ദ്ര ഗവൺമെൻറ് 'നിധി'യോ പരസ്പര ഗുണാനുഭവ സംഘമോ ആയി പ്രഖ്യാപിക്കുന്ന കമ്പനിക്ക് ബാധകമാകുന്നതല്ല.

8. ആക്ററിന് അധിപ്രഭാവമുണ്ടെന്ന്.— ഈ ആക്ററിലെ വ്യവസ്ഥകൾക്ക്, അവയോട് അസംഗതമായി കമ്പനികൾ ആക്ററ്, 1956 (1956–ലെ 1)–ലോ, (ഈ ആക്ററ് അല്ലാത്ത)മറെറതെങ്കിലും അധിനിയമത്തിലോ ഈ ആക്ററ് അല്ലാത്ത മറെറതെങ്കിലും അധിനിയമത്തിൻെറ ബലത്താൽ പ്രഭാവമുള്ള ഏതെങ്കിലും കാൺട്രാക്ററിലോ പ്രമാണത്തിലോ എന്തുതന്നെയടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

9. ദണ്ഡനങ്ങൾ.—(1) ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതൊരാളും, മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടവു ശിക്ഷയോ അല്ലെങ്കിൽ അങ്ങനെ ഉല്ലംഘനം ചെയ്തിട്ടുള്ളത് ഏതു തുകയെ സംബന്ധിച്ചാണോ, ആ തുകയുടെ ഇരട്ടിയോളമാകാവുന്ന തുകയ്ക്കുള്ള പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) കമ്പനികൾ ആക്ററ്, 1956 (1956–ലെ 1), 621–ാംവകുപ്പിലെ വ്യവസ്ഥകൾ, ഈ ആക്ററിന് എതിരായുള്ള കുററങ്ങൾക്ക്, കമ്പനികൾ ആക്ററ്, 1956–നെതിരെയുള്ള കുററങ്ങൾക്ക് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

10. കുററങ്ങൾ.—(1) ഈ ആക്ററിനെതിരായുള്ള ഒരു കുററം ചെയ്തിട്ടുള്ളിടത്ത്, കുററം ചെയ്ത സമയത്ത്, കുററം ചെയ്യുന്ന കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിനുവേണ്ടി, കമ്പനിയുടെ ചാർജ്ജുണ്ടായിരിക്കുകയും അതിനോട് ഉത്തരവാദിയായിരിക്കുകയും ചെയ്ത ഏതൊരാളും, കമ്പനിയും, കുററത്തിന് അപരാധികളാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ അയാൾ തൻെറ അറിവു കൂടാതെയാണ് കുററം ചെയ്യപ്പെട്ടതെന്നോ; അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ, തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷക്ക് അർഹനാക്കുന്നതല്ല.

(2) (1)–ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ഈ ആക്ററിനെതിരായ ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, കുററം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജരുടേയോ, സെക്രട്ടറിയുടേയോ മററ് ഉദ്യോഗസ്ഥൻേറയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷയുടേതായി കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കപ്പെടുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ മററ് ഉദ്യോഗസ്ഥനോ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതുമാണ്.

11. പ്രത്യായോജനം ചെയ്യാനുള്ള അധികാരം.— കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിൻകീഴിൽ അതിന് പ്രയോഗിക്കാവുന്ന (12–ാം വകുപ്പ് നല്കുന്ന അധികാരമല്ലാത്ത) ഏതെങ്കിലും അധികാരം വിജ്ഞാപനത്തിൽ അത് വിനിർദ്ദേശിക്കുന്ന പരിമിതികളും ഉപാധികളും ഏതെങ്കിലും ഉണ്ടെങ്കിൽ അവയ്ക്കു വിധേയമായി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന—

(ക) കേന്ദ്രഗവൺമെൻറിൻെറ കീഴിലുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ, അല്ലെങ്കിൽ

(ഖ) മററ് അധികാരസ്ഥാനമോ,

കൂടി പ്രയോഗിക്കുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

12. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററിൻകീഴിൽ കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ, തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം, അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്തിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

13. ലിക്വിഡേഷനിലുള്ള കമ്പനികൾക്ക് ആക്ററ് ബാധകമല്ലെന്ന്.—ഈ ആക്ററിലെ യാതൊന്നും, കോടതിയാലോ സ്വേച്ഛയായോ കോടതിയുടെ മേൽനോട്ടത്തിന് വിധേയമായോ വൈൻഡപ്പ് ചെയ്യുന്ന ഒരു കമ്പനിക്ക് ബാധകമാകുന്നതല്ല.

14. 1956—ലെ 1—ാം ആക്ററിൻെറ 637 ക വകുപ്പ് ബാധകമാകുമെന്ന്.—ഈ ആക്ററിൽ പരാമർശിച്ച ഏതൊരു അംഗീകാരവും കേന്ദ്ര ഗവൺമെൻറിനോടു ചെയ്യുന്ന അപേക്ഷയിൻമേൽ വാങ്ങേണ്ടതും, അങ്ങനെയുള്ള ഏതൊരു അപേക്ഷക്കും, കമ്പനികൾ ആക്ററ്, 1956, 637 ക വകുപ്പിലെ വ്യവസ്ഥകൾ, അങ്ങനെയുള്ള അപേക്ഷ കമ്പനികൾ ആക്ററ്, 1956—ൻെറ കീഴിലെ അപേക്ഷ ആയിരുന്നാലെന്നപോലെ, ബാധകമാകുന്നതുമാണ്.

15. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.—ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രഭാവം നല്കുന്നതിൽ എന്തെങ്കിലും വിഷമതകൾ ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറിന്, ആ വിഷമത ഈ ആക്ററിലെ വ്യവസ്ഥകളോട് അസംഗതമല്ലാത്ത ഉത്തരവുവഴി, നീക്കം ചെയ്യാവുന്നതാണ്.

16. റദ്ദാക്കലും ഒഴിവാക്കലും.—(1) കമ്പനികൾ (ലാഭവീതങ്ങളിൻമേൽ താത്ക്കാലിക നിയന്ത്രണങ്ങൾ) ആർഡിനൻസ്, 1974 (1974—ലെ 7)-ം കമ്പനികൾ (ലാഭവീതങ്ങളിൻമേൽ താത്ക്കാലിക നിയന്ത്രണങ്ങൾ) ഭേദഗതി ആർഡിനൻസ്, 1974 (1974—ലെ 9)-ം ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിട്ടുണ്ടെന്നിരുന്നാലും, കമ്പനികൾ (ലാഭവീതങ്ങളിൻമേൽ താത്ക്കാലിക നിയന്ത്രണങ്ങൾ) ഭേദഗതി ആർഡിനൻസ്, 1974 (1974-ലെ 9)—നാൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള കമ്പനികൾ (ലാഭവീതങ്ങളിൻമേൽ താത്ക്കാലികനിയന്ത്രണങ്ങൾ), ആർഡിനൻസിൻ(1974—ലെ 7) കീഴിൽ ചെയ്തിട്ടുള്ള എന്തെങ്കിലുമോ എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയോ (അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ഉത്തരവോ പ്രഖ്യാപനമോ ഉൾപ്പെടെ) ഈ ആക്ററിൻെറ തൽസ്ഥാനീയ വ്യവസ്ഥകൾക്ക് കീഴിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടുന്നതാകുന്നു.

---